മത്സ്യ വിപണനത്തിലേർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് വായ്പാ സഹായം

31 [5407] ശ്രീ. കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ഡി. സുഗതൻ:
,, വർക്കല കഹാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിപണനത്തിലേർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് വായ്പാ സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തു തുകയാണ് വായ്പ കൊടുക്കുന്നത്;

(സി) നടപ്പുവർഷം എത്ര പേർക്ക് വായ്പ നൽകുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) മത്സ്യ വിപണനത്തിലേർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് പ്രവർത്തന മൂലധനമായി വനിതാ ബാങ്കുകൾവഴി വായ്പാസഹായം നൽകി വരുന്ന ഒരു പദ്ധതിയും മത്സ്യഫെഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എൻ. സി. ഡി. സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി 2001-02 പ്രകാരം മത്സ്യ വിപണനത്തിലേർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് വായ്പ നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

(ബി) വനിതാ ബാങ്കുകൾവഴി ഒരാൾക്ക് 5,000 രൂപയും മത്സ്യഫെഡ് ഒരാൾക്ക് 4,000 രൂപയും വായ്പയായി അനുവദിക്കുന്നു.

(സി) നടപ്പുവർഷം വനിതാ ബാങ്കുകൾ 400 പേർക്കും മത്സ്യഫെഡ് 5,000 മത്സ്യ തൊഴിലാളി സ്ത്രീകൾക്കും വായ്പ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി

32 [5408] ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ജയരാജൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സർക്കാർ പ്രഖ്യാപിച്ച സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതുവഴി എത്ര മത്സ്യത്തൊഴിലാളി സ്ത്രീകൾ പുതുതായി സ്വയംതൊഴിൽ കണ്ടെത്തുകയുണ്ടായി;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തുകയുണ്ടായി; എന്തു തുക ആ വർഷം ചെലവഴിക്കുകയുണ്ടായി;

(ഡി) ഈ വർഷം ഈ പദ്ധതിക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly